ഡോ. എം. എ. കുട്ടപ്പൻ : സർ, എറണാകുളം ജില്ലയിൽ മത്സ്യത്തൊഴിലാളികൾ ഏറ്റവും കൂടുതൽ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണ് ഞാറയ്ക്കൽ അസംബ്ലി മണ്ഡലം. ഞാറയ്ക്കലിൽ നിന്നും വളരെ ദൂരെയുള്ള കടമക്കുടിവരെ റോഡ് നിർമ്മിച്ചതൊഴിച്ചാൽ മെയിൻ ദ്വീപായ വൈപ്പിൻകരയിൽ എന്തുകൊണ്ട് ഈ സ്കീമിൽപ്പെടുത്തി റോഡ് പണിയാൻ നിർദ്ദേശമുണ്ടായിട്ടും തയ്യാറാകാത്തത് എന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, വൈപ്പിൻകരയിൽപ്പെട്ട സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. എല്ലാ റോഡുകളും ഏറ്റെടുക്കാനുള്ള പണമില്ലാത്തതുകൊണ്ട് കുറെ റോഡുകൾ ഏറ്റെടുത്ത് റോഡുകൾ പൂർത്തിയാക്കുക എന്നനിലയ്ക്കാണ് എടുത്തിട്ടുള്ളത്. പിന്നീട് സന്ദർഭം വരുമ്പോൾ മറ്റുറോഡുകളും ഏറ്റെടുക്കാൻ കഴിയും.

ശ്രീ. പി. വിശ്വൻ : സർ, കോഴിക്കോട് ജില്ലയിൽ ഉൾനാടൻ മേഖലകളിൽ ഫിഷറീസ് റോഡുകളില്ല. എന്നാൽ തീരദേശത്ത് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ നിരവധി റോഡുകൾക്ക് എസ്റ്റിമേറ്റ് എടുക്കുകയും അത് പ്രവർത്തിയിൽ കൊണ്ടുവരുകയും ചെയ്യുമെന്നും പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. അത്തരം റോഡുകൾ സാമ്പത്തികമായ ബാദ്ധ്യതയുള്ളതിനാൽ ഏറ്റെടുക്കാൻ കഴിയില്ലെന്നു പറഞ്ഞുകൊണ്ട് പലതിന്റേയും പണി ആരംഭിച്ചിട്ടില്ല എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എസ്റ്റിമേറ്റ് എടുത്തിട്ടുള്ള റോഡുകളുടെ പണി പൂർത്തിയാക്കാനുള്ള നടപടി സർക്കാർ കൈക്കൊള്ളുമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, 16 റോഡുകളാണ് കോഴിക്കോട് ജില്ലയിൽ ഏറ്റെടുത്തിട്ടുള്ളത്. ഞാൻ മുമ്പുപറഞ്ഞ മറുപടിയിൽത്തന്നെ പറഞ്ഞു, എല്ലാ റോഡുകളുടേയും പണികൾ തുടങ്ങുവാനോ പൂർത്തിയാക്കുവാനോ സാധിച്ചിട്ടില്ല. പണത്തിന്റെ ലഭ്യതയുടെ കുറവുതന്നെയാണ് ഇതിന്റെ പ്രധാന കാരണം. പണം കൂടുതൽ കിട്ടുന്ന മുറയ്ക്ക് ക്രമേണ ആ റോഡുകൾകൂടി പണിയാനുള്ള നടപടിയിലേയ്ക്ക് നീങ്ങാൻ കഴിയും.

തീരദേശ വികസന അതോറിറ്റി

3(*681) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ വികസന അതോറിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനുവേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) തീരദേശ വികസന അതോറിറ്റി രൂപീകരിക്കുന്നതിനുള്ള പ്രാഥമിക ഫണ്ട് ഈ വർഷം അനുവദിക്കുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.ടി.കെ. രാമകൃഷ്ണൻ) :

(എ) തീരദേശ വികസന അതോറിറ്റി രൂപീകരണം സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

ഡോ. എം. എ. കുട്ടപ്പൻ : സർ, മുൻഗവൺമെന്റിന്റെ കാലത്ത് ഈ വിഷയത്തിന്മേൽ ക്യാബിനറ്റ് തീരുമാനമെടുക്കുകയും സ്പെഷ്യൽ ഓഫീസറായി ശ്രീ. സി. ചന്ദ്രനെ നിയമിക്കുകയും, ബഡ്ജറ്റിൽ ഒരുകോടി രൂപ വകയിരുത്തുകയും ചെയ്തശേഷം, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഇതെല്ലാം നിർത്തൽ ചെയ്ത് ബഡ്ജറ്റിലെ തുക ലാപ്സാക്കുകയും സ്പെഷ്യൽ ഓഫീസറെ പിരിച്ചുവിടുകയും ചെയ്ത്, ഫലത്തിൽ തീരദേശ അതോറിറ്റി വേണ്ടെന്ന് തീരുമാനമെടുത്ത ഒരു സർക്കാർ ഇപ്പോൾ തീരുമാന മെടുത്തിട്ടില്ലെന്ന് ഉത്തരം തന്നിരിക്കുന്നത് വരാനിരിക്കുന്ന തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ടല്ലേ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഒന്നും കണ്ടുകൊണ്ടല്ല. വസ്തുതയാണ് ഞാൻ പറയുന്നത്. ഫയലിൽ കാണുന്ന കാര്യങ്ങളാണ് പറയുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ശ്രീ. ചന്ദ്രനെ സ്പെഷ്യൽ ഓഫീസറായി നിശ്ചയിച്ച്, അദ്ദേഹം ഒരു റിപ്പോർട്ട് തരികയും ചെയ്തു. സർക്കാർ അംഗീകരിച്ച റിപ്പോർട്ട് പ്രകാരം തീരദേശ അതിർത്തിയിലെ പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടെയും വികസന പ്രവർത്തനങ്ങളാണ് പ്രധാനമായും നടത്താനുള്ള നിർദ്ദേശം വന്നിട്ടുള്ളത്. കുടിവെള്ളം ലഭ്യമാക്കുക, കക്കൂസുകൾ നിർമ്മിച്ച് നൽകുക, വീട്, വൈദ്യുതി ഇവ ഏർപ്പെടുത്തുകയുമായിരുന്നു ലക്ഷ്യം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വീടിന്റേയും കക്കൂസ്സിന്റേയും കുടിവെള്ളത്തിന്റേയും റോഡിന്റേയും കാര്യത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുകയും പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും വഴി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരികയുമാണ് ചെയ്യുന്നത്. കൂടാതെ വീട്, റോഡ്, കുടിവെള്ളം എന്നിവയ്ക്ക് പത്താം ധനകാര്യ കമ്മീഷന്റെ സഹായവും ലഭിക്കുന്നുണ്ട്. 50 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മറ്റു സഹായം ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. തീരദേശ വികസന അതോറിറ്റി രൂപീകരിക്കുന്നതിനെ സംബന്ധിച്ച് ഈ ഗവൺമെന്റ് അന്തിമ തീരുമാനമെടുത്ത് കഴിഞ്ഞിട്ടില്ല.

ഡോ. എം. എ. കുട്ടപ്പൻ : സർ, അങ്ങ് ഈ റിപ്പോർട്ടിൽ പറഞ്ഞതുപോലെ സാധാരണ പഞ്ചായത്തുകളിൽ നിന്നും വ്യത്യസ്തമായി കുടിവെള്ളം, റോഡ്, വീടുകൾ, കക്കൂസുകൾ എന്നിവ വരുമാനം കുറഞ്ഞ തീരദേശ പഞ്ചായത്തുകളെക്കൊണ്ട് നടപ്പിലാക്കാൻ കഴിയുകയില്ല എന്ന സാഹചര്യം പരിഗണിച്ചുകൊണ്ട്, തീരദേശങ്ങൾക്കുവേണ്ടി പ്രത്യേക അതോറിറ്റി വേണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനമെടുത്തു. പലപ്പോഴും കടലെടുത്തുകൊണ്ടുപോകാറുണ്ട്. ചിലപ്പോൾ കരവച്ച് തരാറുണ്ട്, അക്രീറ്റ് ചെയ്യാറുമുണ്ട്. അതുകൊണ്ട് നിലവിൽ തീരുമാനം എടുത്ത സാഹചര്യത്തിൽ തീരദേശ പഞ്ചായത്തുകൾക്ക് കഴിയുകയില്ല ഈ സാഹചര്യം പരിഗണിച്ചുകൊണ്ട്, പ്രത്യേക അതോറിറ്റി രൂപീകരിക്കാൻ ഗവൺമെന്റ് തയാറാകുമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അത് സംബന്ധിച്ച് ഒരു തീരുമാനം എടുത്തു കഴിഞ്ഞിട്ടില്ല എന്നാണ് ഞാൻ പറഞ്ഞത്. ത്രിതല പഞ്ചായത്തുകൾ വന്നതോടുകൂടി പഞ്ചായത്തുകൾക്ക് കൂടുതൽ പ്രവർത്തനം നടത്താനുള്ള പണം അനുവദിച്ചിട്ടുണ്ട്, പ്രവർത്തനം നടത്തുകയും ചെയ്യുന്നുണ്ട്. അതിനിടയ്ക്ക് മറ്റൊരു അതോറിറ്റി വന്ന് കൂടുതൽ കാര്യങ്ങൾ നിർവഹിക്കേണ്ട കാര്യത്തെ സംബന്ധിച്ച് പര്യാലോചിക്കേണ്ടതുണ്ട്. അതുകൊണ്ടാണ് അവസാന തീരുമാനം എടുത്തിട്ടില്ല എന്ന് പറഞ്ഞത്.

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, തീരപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് 20 ശതമാനം പോലും ലാട്രിൻ സൗകര്യമില്ലെന്നാണ് സർക്കാരിന്റെ കണക്ക്. അതുപോലെ കുടിവെള്ളത്തിന്റെ കാര്യത്തിലും വെളിച്ചത്തിന്റെ കാര്യത്തിലും റോഡിന്റെ കാര്യത്തിലുമെല്ലാം ആ പ്രദേശങ്ങൾ വളരെയേറെ പിന്നിൽ നിൽക്കുകയാണ്. ഈ പ്രശ്നങ്ങൾ ത്രിതല പഞ്ചായത്തിന്റെ ഭരണത്തിലൂടെ പരിഹൃതമാകുമെന്നാണോ സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : എല്ലാം പൂർണ്ണമായും ഒരു കാലത്തും പരിഹൃതമാകുമെന്നുള്ള വിശ്വാസമില്ല. പക്ഷെ കൂടുതൽ പദ്ധതി വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുന്നുണ്ട്. പല സ്ഥലങ്ങളിലും ഒറ്റയ്ക്ക് ഒറ്റയ്ക്കും പ്രത്യേക സ്ഥാപനങ്ങളിൽകൂടിയും ത്രിതല പഞ്ചായത്തുകളുടെ പണം ഉപയോഗിച്ച് പ്രവർത്തനങ്ങൾ പണ്ടത്തെക്കാൾ കൂടുതൽ കാര്യക്ഷമമായി നടക്കുന്നുണ്ടെന്നാണ് ഞാൻ പറഞ്ഞത്. അത്തരം പ്രവർത്തനങ്ങൾ നടത്താൻ അതോറിറ്റി വേണോ എന്നതിനെ സംബന്ധിച്ച് അവസാന തീരുമാനമെടുത്തു കഴിഞ്ഞിട്ടില്ല.

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, നമ്മുടെ പല പ്രശ്നങ്ങളും പരിഹരിക്കുന്നതിന് വിദേശങ്ങളിൽ നിന്ന് സാമ്പത്തിക സഹായം നേടിയിട്ടുപോലും പരിഹൃതമാകുന്നില്ല. നഗര അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നിലനിർത്തിക്കൊണ്ടിരിക്കുകയാണ്. നഗര വികസന അതോറിറ്റികൾക്ക്പോലും ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്ന് നാലു വർഷം കഴിഞ്ഞിട്ടും തീരദേശ വികസന അതോറിറ്റിയുടെ കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാൻ കഴിഞ്ഞില്ല എന്നു പറയുന്നതിന്റെ കാരണമെന്താണ്; ഈ നിലപാട് ആ പ്രദേശങ്ങളോട് കാണിക്കുന്ന അവഗണനയല്ലേ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ആ പ്രദേശങ്ങളോടുള്ള അവഗണനയല്ല. ആ പ്രദേശങ്ങളിൽ ത്രിതല പഞ്ചായത്തുകൾ വഴി കൂടുതൽ പ്രവർത്തനങ്ങൾ നടത്താനുള്ള പുതിയ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. മുൻപ് ഇല്ലാത്ത കാര്യമാണ്. അവഗണന കൊണ്ടൊന്നുമല്ല. അന്തിമ തീരുമാനം എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. പൗലോസ് : സർ, തീരപ്രദേശങ്ങളിലെ ജനങ്ങൾക്ക് കുടിവെള്ളം, യാത്രാസൗകര്യം, വീടുകൾ, കക്കൂസ് തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ഇപ്പോഴും ആ വിഭാഗം ആളുകൾക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു എന്നത് എല്ലാപേരും പറയുന്ന കാര്യമാണ്. ഈ സാഹചര്യത്തിൽ സമഗ്രമായ ഒരു തീരദേശ വികസന അതോറിറ്റി കൊണ്ടുവന്ന് ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നിരിക്കെ തീരദേശ അതോറിറ്റി കൊണ്ടു വരുന്നതിന് സർക്കാരിനുള്ള താല്പര്യക്കുറവ് എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, തീരദേശ അതോറിറ്റി കൊണ്ടുവന്ന് നടത്തേണ്ട പ്രവർത്തനങ്ങൾ മറ്റുവിധത്തിൽ കൂടുതൽ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. അല്ലാതെ അതിനോടുള്ള അവഗണനയല്ല.

ശ്രീ. വി. ജെ. പൗലോസ് : അങ്ങ് നേരത്തെ പറഞ്ഞ മറുപടിയിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ പല നടപടികളും കൊണ്ടു വന്നിട്ടുണ്ടെന്നും ഇപ്പോഴും കൊണ്ടുവന്നുകൊണ്ടിരിക്കുന്നുവെന്നും പറഞ്ഞു. പക്ഷെ എത്രയോ വർഷങ്ങളായി ഈ വിഭാഗം ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ആ വിഭാഗത്തിൽപ്പെട്ട 25 ശതമാനം ജനങ്ങൾക്കുപോലും അവർ അർഹിക്കുന്ന ആനുകൂല്യങ്ങൾ എത്തിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അടിയന്തിരമായി രണ്ടോ മൂന്നോ നാലോ വർഷങ്ങൾക്കുള്ളിൽ സമയ ബന്ധിതമായി ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയത്തക്ക വിധത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സ്വാതന്ത്ര്യം കിട്ടി 50 വർഷങ്ങൾ കഴിഞ്ഞിട്ടും സാധാരണക്കാരായിട്ടുള്ള ജനങ്ങളുടെ താല്പര്യങ്ങൾക്കുവേണ്ടി ഉള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലായെന്ന് ബന്ധപ്പെട്ട അധികാരികൾ തന്നെ പറയുന്നുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടിയാണ് ത്രിതല പഞ്ചായത്തുകൾ രൂപീകരിക്കുകയും ആ പഞ്ചായത്തുകൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും കൂടുതൽ പദ്ധതി വിഹിതം നൽകുകയും പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായിട്ടുള്ള അധികാരങ്ങൾ നൽകുകയും ആവശ്യത്തിന് ഉദ്യോഗസ്ഥൻമാരെ അനുവദിക്കുകയും ചെയ്തുകൊണ്ട് പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തിവരുന്നത്. ആ പ്രവർത്തനങ്ങളോടുള്ള അവഗണന അല്ല എന്നാണ് ഞാൻ പറഞ്ഞത്. പക്ഷെ വികസന അതോറിറ്റിയെ സംബന്ധിച്ചുള്ള അന്തിമ തീരുമാനം ഇതുവരെ എടുത്തിട്ടില്ല.

ശ്രീ. കെ. ബാബു : സർ, ജനസംഖ്യാനുപാതികമായിട്ടാണ് പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതം നൽകുന്നത്. പക്ഷെ തീരദേശത്തെ പ്രവർത്തനങ്ങൾ നടത്താൻ പ്രത്യേകമായി പണം നൽകുന്നില്ല. നാലു വർഷക്കാലത്തെ വികേന്ദ്രീകരണ ആസൂത്രണ പ്രവർത്തനങ്ങൾ നടന്നിട്ടും തീരദേശങ്ങളിലെ ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് വസ്തുതയാണ്. അങ്ങ് പറഞ്ഞു അതോറിറ്റി

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരണത്തെ സംബന്ധിച്ച് അവസാന തീരുമാനം എടുത്തിട്ടില്ലായെന്ന്. തീരദേശത്തെ പ്രശ്നങ്ങൾ ഇപ്പോഴും വളരെ ഗുരുതരമായി നിൽക്കുന്ന സാഹചര്യത്തിൽ തീരദേശത്തെ പ്രശ്നങ്ങൾ പഠിക്കാനും ആവശ്യമാണെങ്കിൽ അതോറിറ്റി രൂപീകരിക്കുന്നതിനെ കുറിച്ച് ആലോചിക്കാനും വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിക്കാൻ ഗവൺമെന്റ് തയാറാകുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : കമ്മിറ്റിയെ നിശ്ചയിച്ചു. കമ്മിറ്റി റിപ്പോർട്ടും കിട്ടിയെന്നാണ് ഞാൻ പറഞ്ഞത്. ശ്രീ. ചന്ദ്രനെ നിശ്ചയിച്ചു. അദ്ദേഹം റിപ്പോർട്ടും തന്നിട്ടുണ്ട്. എല്ലാ പ്രശ്നങ്ങളും ഉടനടി തന്നെ പരിഹരിക്കാൻ സാധിക്കുകയില്ല എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാം.

ശ്രീ. കെ. ബാബു : സർ, തീരദേശ പരിപാലന നിയമം നമ്മുടെ സംസ്ഥാനത്തെ തീരപ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളെ വളരെയേറെ ബാധിച്ചു കൊണ്ടിരിക്കുകയാണ്. ഇത് സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. കേരള ഗവൺമെന്റിന്റെ അഭിപ്രായം പറയാത്തതുകൊണ്ട് ആ കേസ് പല പ്രാവശ്യം മാറ്റി വയ്ക്കപ്പെട്ടിരിക്കുകയാണ്. എന്തുകൊണ്ടാണ് തീരദേശപരിപാലന നിയമം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ അറിയിക്കുന്നതിന് കാലതാമസം വരുത്തുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : കേരള ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്രത്തിൽ നിന്നും വന്ന എം.പി. മാരുടെ സംഘത്തെ അറിയിച്ചിട്ടുണ്ട്. അത് നമ്മുടെ തീരപ്രദേശങ്ങളിൽ വികസന പ്രവർത്തനം നടത്തുന്നതിന് തടസ്സമാകും. അതുകൊണ്ട് ആ നിയമം ഇവിടെ ബാധകമാക്കുന്ന സമയത്ത്..... അത് എന്താണെന്ന് ഞാൻ നോക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, കേരളത്തിലെ തീരപ്രദേശങ്ങളുടെ സമഗ്രവികസനത്തിനുവേണ്ടി തീരദേശവികസന അതോറിറ്റി രൂപീകരിക്കാൻ മുൻ യു. ഡി. എഫ് ഗവൺമെന്റ് തീരുമാനം എടുത്തിട്ട് ഇപ്പോൾ ഏതാണ്ട് അഞ്ചു വർഷത്തോടടുക്കാൻ പോകുന്നു. തീരദേശ വികസന അതോറിറ്റി രൂപീകരിക്കണോ വേണ്ടയോ എന്നതിനെ സംബന്ധിച്ച് അഞ്ചു വർഷമായി ഗവൺമെന്റ് ഇപ്പോഴും ആലോചിച്ചു കൊണ്ടിരിക്കുകയാണ്. ഇതേക്കുറിച്ച് എന്നത്തേയ്ക്ക് തീരുമാനം ഉണ്ടാകുമെന്ന് അറിയിക്കാമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : എന്നത്തേയ്ക്ക് തീരുമാനമുണ്ടാകുമെന്ന് പറയാൻ നിവൃത്തിയില്ല. അന്തിമ തീരുമാനം എടുത്തിട്ടില്ല. തീരുമാനം എടുക്കാത്തതുകൊണ്ട് തടസ്സം കൂടാതെയുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പഞ്ചായത്തുകളിൽ കൂടുതൽ പണം വികസനത്തിനുവേണ്ടി മാറ്റിവച്ചതുകൊണ്ട് തീരദേശ അതോറിറ്റി, മലയോര വികസന അതോറിറ്റി എന്നിവ വേണ്ട എന്നുള്ളതാണ് ഗവൺമെന്റ് ഇവിടെ വ്യക്തമാക്കുന്നത്. കോർപ്പറേഷനുകളിലും ജനകീയാസൂത്രണത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ഫലപ്രദമായി കൂടുതൽ ഫണ്ട് വരുന്നുണ്ട്. ആ ഫണ്ട് ഉപയോഗിച്ച് പുതിയ നഗര വികസന അതോറിറ്റി രൂപീകരിക്കാൻ ഈ ബഡ്ജറ്റിൽത്തന്നെ കൊല്ലം, തൃശ്ശൂർ ജില്ലകൾക്ക് സർക്കാർ പണം വകയിരുത്തിയിരിക്കുന്നു. ബാക്കി എല്ലാ പട്ടണങ്ങളിലും നഗരവികസന സമിതികൾ തുടരുന്നു. കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും കൂടുതൽ തുക നീക്കിവച്ചിട്ടും അവികസിതമായി കിടക്കുന്ന മലയോര പ്രദേശങ്ങളേയും അതുപോലെ അവികസിതമായി കിടക്കുന്ന തീരദേശ പ്രദേശങ്ങളെയും പേര് പറഞ്ഞ് അവഗണിക്കുന്നതിൽ എന്താണ് ന്യായം?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഗവൺമെന്റ് അവഗണിക്കുന്നു എന്ന അഭിപ്രായം ഞാൻ നിഷേധിക്കുകയാണ്. കാരണം ഇവിടെയെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടിയാണ് ത്രിതല പഞ്ചായത്തുകൾ രൂപീകരിച്ചതും കൂടുതൽ പണം ചെലവഴിച്ചതും. അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാം.

അംഗീകാരമില്ലാത്ത അൺഎയ്ഡഡ് സ്ക്കൂളുകൾ

4 (*682) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. പാലോട് രവി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വിദ്യാഭ്യാസ ചട്ടവും സർക്കാർ ഉത്തരവുകളും ലംഘിച്ച് സംസ്ഥാനത്ത് അംഗീകാരമില്ലാത്ത എത്ര അൺ എയ്ഡഡ് സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) അംഗീകാരമില്ലാത്ത ഇത്തരം സ്ക്കൂളുകളിൽ 1 മുതൽ 6 വരെ ക്ലാസ്സുകളിൽ വാർഷിക പരീക്ഷ നടത്താൻ പ്രത്യേക അനുമതി നൽകരുത് എന്ന് ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ ;

(സി) അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്ക്കൂളുകളെ നിയന്ത്രിക്കാൻ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇതിനായി കേരള വിദ്യാഭ്യാസ ചട്ടം (കെ.ഇ.ആർ) പരിഷ്ക്കരിക്കുന്ന സമിതിയോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഇ) പുതിയ അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുമോയെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്)

(എ) കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) ഉത്തരവിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly